**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3265** **04-08-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് ചികിത്സയിൽ ആയുർവേദത്തിന്റെ ഫലപ്രാപ്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അമൃതം, ഭേഷജം പദ്ധതികളുമായി ബന്ധപ്പെട്ട പഠനറിപ്പോർട്ടുകൾ, കോവിഡ് പ്രതിരോധത്തിനും ചികിത്സയ്ക്കും ആയുർവേദ ചികിത്സയിൽ ഫലപ്രാപ്തി ഉണ്ടെന്നു കണ്ടെത്തുകയുണ്ടായോ; ഈ പഠനങ്ങളിൽ എത്ര പേരാണ് പങ്കെടുത്തിട്ടുള്ളത്; | (എ) | ഉത്തരം വീണാ ജോർജ് (ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) അമൃതം പദ്ധതിയുടെ ഭാഗമായി കേരളത്തിലാകമാനം കോവിഡ് നിരീക്ഷണത്തിലിരുന്ന 1,01,218 പേരിൽ 2020 മെയ് 21 മുതൽ ജൂലായ് 4 വരെ നടത്തിയ പഠനത്തിൽ ആയുർവേദ ഔഷധങ്ങൾ ഉപയോഗിച്ചവരിൽ 0.34% പേർ മാത്രമാണ് നിരീക്ഷണകാലത്തിനുള്ളിൽ കോവിഡ് പോസിറ്റീവ് ആയത്. എന്നാൽ മരുന്ന് ഉപയോഗിക്കാത്തവരിൽ അതേ കാലയളവിൽ പോസിറ്റീവ് ആയതു 1.67% പേർ ആണ്. ഇത്തരത്തിൽ നിരീക്ഷണത്തിലിരിക്കെ ആയുർവേദ മരുന്നുപയോഗിക്കുകയും കോവിഡ് പോസിറ്റീവ് ആകുകയും ചെയ്തവരിൽ രോഗ ലക്ഷണങ്ങളുടെ തീവ്രതയും കുറവായിരുന്നു. അതുപോലെ നിരീക്ഷണത്തിലിരിക്കെ കൂടുതൽ ദിവസം ആയുർവേദ മരുന്ന് കഴിച്ചവരിൽ അങ്ങനെയല്ലാത്തവരെ അപേക്ഷിച്ച് ലക്ഷണങ്ങളില്ലാത്ത രോഗികളുടെ എണ്ണം ശ്രദ്ധേയമായ തരത്തിൽ കൂടുതലായിരുന്നു. അപ്രകാരം ആയുർവേദ ഔഷധങ്ങൾ സ്വീകരിക്കുകയും പിന്നീട് കോവിഡ് പോസിറ്റീവ് ആകുകയും ചെയ്യവരിൽ ആരും തന്നെ ഗുരുതര രോഗാവസ്ഥയിലേക്കു എത്തിയിരുന്നില്ല എന്നതും ശ്രദ്ധേയമാണ്. ആയുർവേദ കോവിഡ് ചികിത്സാ പദ്ധതിയായ ഭേഷജത്തിന്റെ ഒരു പഠനം 2020 ഡിസംബർ 1 മുതൽ 2021 ജനുവരി 15 വരെയുള്ള കാലയളവിൽ നടത്തിയിരുന്നു. ആയതിലുൾപ്പെട്ട 9855 ഗുരുതരാവസ്ഥയിലല്ലാത്ത കോവിഡ് രോഗികളിൽ 95.87% പേർക്കും കോംപ്ലിക്കേഷൻസ് കൂടാതെ കോവിഡ് പൂർണ്ണമായി സുഖപ്പെട്ടു. കേവലം 44 (0.45%)രോഗികളെയാണ് ഭേഷജത്തിൽ നിന്നും റെഫർ ചെയ്യേണ്ടതായി വന്നത്. അതിൽ തന്നെ 35 (0.36%) പേർക്ക് ഇന്റെൻസീവ് കെയർ |

| | | | |
|---|---|---|---|
| | | | ആവശ്യമായി വരികയും ചെയ്തു. മേൽ പഠനങ്ങളിലെല്ലാം തന്നെ ആയുർവേദ ഔഷധങ്ങൾ ഉപയോഗിച്ചതുകൊണ്ട് എന്തെങ്കിലും തരത്തിലുള്ള ശ്രദ്ധേയമായ ഔഷധ ജനിതമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |
| (ബി) | ഈ റിപ്പോർട്ടുകളിന്മേൽ സർക്കാർ എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഈ റിപ്പോർട്ട് പൊതുജനങ്ങൾക്കായി പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അത് ഉടനെ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ; | (ബി) | അമൃതം, ഭേഷജം തുടങ്ങിയ പദ്ധതികളുടെ റിപ്പോർട്ടുകൾ പൊതുജനങ്ങൾക്കായി പ്രസിദ്ധീകരിച്ചിട്ടില്ല . ആയുഷ് വകുപ്പിന്റെ കീഴിൽ സ്റ്റേറ്റ് ആയുർവേദ കോവിഡ്-19 റെസ്പോൺസ് സെല്ലിന്റെ നേതൃത്വത്തിൽ കേരളത്തിൽ ആയുർവേദ രംഗം നടത്തിയ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചും വിശിഷ്യാ അമൃതം പദ്ധതിയുടെ ഗുണഫലത്തെക്കുറിച്ചുമുള്ള വിവരങ്ങൾ അന്താരാഷ്ട്ര ജേർണലിൽ പ്രസീദ്ധീകരണത്തിനായി അയച്ചിട്ടുണ്ട്. കോവിഡ് നിരീക്ഷണത്തിലിരിക്കവേ അമൃതം പദ്ധതിയുടെ ഭാഗമായി ആയുർവേദ ഔഷധങ്ങൾ ഉപയോഗിച്ചവരുടെ ഒരു പഠന റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കുകയുണ്ടായി. അയതു പരിശോധിച്ചതിന്റെ വെളിച്ചത്തിലും, കേന്ദ്ര ആയുഷ് മന്ത്രാലയം കോവിഡ് ചികിത്സക്കായി ആയുർവേദ-യോഗ വൈദ്യശാസ്ത്രശാഖകളെ ഉൾപ്പെടുത്തിയതിന്റെ ഭാഗമായും 2020 നവംബർ മാസത്തിൽ കേരളത്തിൽ ഗുരുതരാവസ്ഥയിലല്ലാത്ത (കാറ്റഗറി എ) കോവിഡ് 19 രോഗികൾക്ക് ആയുർവേദ ചികിത്സയ്ക്കുള്ള അനുമതി നൽകിയിട്ടുണ്ട്. ആയുർവേദ വിദ്യാഭ്യാസ വകുപ്പും, ലോകോത്തര നിലവാരമുള്ള ശാസ്ത്ര സ്ഥാപനങ്ങളുമായി ചേർന്ന് കോവിഡ് പോലുള്ള മഹാമാരികളിൽ ആയുർവേദത്തിന്റെ ഗുണഫലങ്ങൾ ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ അടിസ്ഥാന ഗവേഷണ പ്രവർത്തനങ്ങൾക്കായി ഒരു ട്രാൻസ് ഡിസിപ്ലിനറി ഹബ് രൂപീകരിക്കുവാനുള്ള ശ്രമങ്ങൾ പുരോഗമിക്കുന്നു. |
| (സി) | കോവിഡ് ചികിത്സയിൽ ആയുർവേദം ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ സർക്കാരിന്റെ കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട മുഴുവൻ പ്രചരണങ്ങളിലും ആയുർവേദ ചികിത്സാ സാധ്യതകൾ കൂടി ഉൾപ്പെടുത്തുന്നതിനും ടാസ്ക് ഫോഴ്സിൽ ആയുർവേദ ചികിത്സാ വിദഗ്ധരെ ഉൾപ്പെടുത്തുന്നതിനും ആയുർവേദ ചികിത്സാരീതികൾ കൂടി ഉൾപ്പെടുത്തി ചികിത്സാ പ്രോട്ടോകോൾ പുതുക്കുന്നതിനും സർക്കാർ തയ്യാറാകുമോ? | (സി) | സംസ്ഥാന ആയുഷ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ആയുർവേദ കോവിഡ്-19 റെസ്പോൺസ് സെല്ലിന്റെ നേതൃത്വത്തിൽ കേരളത്തിൽ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ ശാസ്ത്രീയ നിരീക്ഷണങ്ങളും, അത് സംബന്ധമായ പഠനങ്ങളും നടന്നിട്ടുണ്ട്. കോവിഡ് നിരീക്ഷണത്തിലിരിക്കുന്നവരുടെ ആയുർവേദ പ്രതിരോധ പദ്ധതിയായ അമൃതം, ഗുരുതരാവസ്ഥയിലില്ലാത്ത കോവിഡ് രോഗികളുടെ ആയുർവേദ ചികിത്സാ പദ്ധതിയായ ഭേഷജം, കോവിഡാനന്തര രോഗങ്ങൾക്കുള്ള ആയുർവേദ ചികിത്സാ പദ്ധതിയായ പുനർജനി |

| | | | |
|---|---|---|---|
| | | | എന്നിങ്ങനെയുള്ള പ്രമുഖ പദ്ധതികളുടെ എല്ലാം പഠനങ്ങൾ സ്റ്റേറ്റ് ആയുർവേദ കോവിഡ്-19 റെസ്പോൺസ് സെല്ലിന്റെ മേൽനോട്ടത്തിൽ നടന്നു വരുന്നു. കേന്ദ്ര സർക്കാരിൽ നിന്നും ചികിത്സാ പ്രോട്ടോക്കോൾ വരുന്ന മുറയ്ക്ക് സംസ്ഥാന തലത്തിലും മാറ്റങ്ങൾ വരുത്താറുണ്ട്. ടാസ്ക് ഫോഴ്സിൽ ആയുർവേദ ചികിത്സാ വിദഗ്ദ്ധരെ ഉൾപ്പെടുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ